LIBRARY ARCHIVES Kerala Legislative Assembly

## വിജിലൻസ് സംവിധാനം

18 (*318) ശ്രീ. എം. സ്വരാജ്:
ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. പി. കെ. ശശി:
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് വിഭാഗം കാര്യക്ഷമമാക്കാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനത്തിൽ വരുത്തേണ്ട എന്തൊക്കെ പരിഷ്കാരങ്ങളാണ് ഭരണ പരിഷ്കാര കമ്മീഷൻ ശിപാർശ ചെയ്തിരിക്കുന്നത്;

(സി) അഴിമതിക്ക് കേസ്സുകളുടെ സ്വഭാവത്തിൽ വന്ന മാറ്റത്തിനനുസരിച്ച് അത്തരം കേസ്സുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ വിജിലൻസിൽ വരുത്തിയ നവീകരണ നടപടികൾ എന്തെല്ലാമാണ്;

(ഡി) മുൻകാലങ്ങളിൽ യാതൊരു തെളിവുമില്ലാതെ നിക്ഷിപ്ത താൽപര്യത്തോടെ വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും തെളിവില്ല എന്ന കാരണത്താൽ കോടതിയിൽ അവസാനിപ്പിക്കുകയും ചെയ്തിരുന്നു എന്ന ആക്ഷേപം ഒഴിവാക്കാൻ കൈക്കൊണ്ട നടപടികൾ അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) വിജിലൻസ് വിഭാഗം കാര്യക്ഷമമാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. ഇ-ഗവേണൻസ് സംവിധാനം ഉപയോഗിച്ച് ഭരണ നിർവ്വഹണം കൂടുതൽ സുതാര്യമാക്കുന്നതിനായി വെബ് അധിഷ്ഠിതമായ ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസ്സിംഗ് സിസ്റ്റം (IAPS) ആരംഭിച്ചു.

2. ഡിജിറ്റൽ തെളിവുകൾ സ്വീകരിക്കുന്നതിനും കേസ്സ് അന്വേഷണങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

3. വിജിലൻസിന്റെ കൈവശമുള്ള ഫയലുകളും രേഖകളും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനായി ഡി-സ്പേസ് (D-Space) എന്ന ആർക്കൈവ് സംവിധാനം ആരംഭിക്കുന്നുണ്ട്.

4. വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായും വാർത്താവിനിമയ സംവിധാനത്തിനുവേണ്ടി COB മെസ്സേജ് സംവിധാനം ആരംഭിക്കുന്നുണ്ട്.

5. അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി 16-12-2016-ലെ സ.ഉ.(എം.എസ്.)34/16/വിജി ഉത്തരവ് പ്രകാരം ബ്യൂറോയിൽ 24 പുതിയ തസ്തികകൾ സൃഷ്ടിച്ചു. അന്വേഷണ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിന് 12 വാഹനങ്ങളും 7 ഡിജിറ്റൽ ക്യാമറകളും വാങ്ങിയിട്ടുണ്ട്. കൂടാതെ 60 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. വിജിലൻസ് അന്വേഷണങ്ങൾ/ കേസ്സുകൾ സംബന്ധിച്ച വിവരങ്ങൾ സമയബന്ധിതവും കൃത്യതയോടും ലഭ്യമാക്കുന്നതിനായി നിലവിലുള്ള വിജിലൻസ് സ്യൂട്ട് കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്.

(ബി) നാലാമത് ഭരണ പരിഷ്ക്കാര കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിൽ സ്റ്റേറ്റ് വിജിലൻസ് കമ്മീഷൻ രൂപീകരിക്കാൻ ശിപാർശ നൽകിയിട്ടുണ്ട്.

(സി) ആധുനിക കാലഘട്ടത്തിൽ സമൂഹം നേരിടുന്ന നൂതന കുറ്റകൃത്യങ്ങൾ കണക്കിലെടുത്ത് ഡിജിറ്റൽ തെളിവുകൾ ശേഖരിക്കുന്നതിനും കേസ്സ് അന്വേഷണങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) സ്വതന്ത്രവും നിഷ്പക്ഷവും നീതിപൂർവ്വവുമായ രീതിയിൽ അന്വേഷണങ്ങൾ മുന്നോട്ടുകൊണ്ടുപോകുക എന്ന ലക്ഷ്യത്തോടെ വിജിലൻസ് കേസ്സ് രജിസ്റ്റർ ചെയ്യാൻ ഉത്തരവിടുന്നതിന് മുമ്പ് വളരെ ജാഗ്രതയോടെ പരാതിയിന്മേൽ വിജിലൻസ് അന്വേഷണം/പ്രാഥമിക അന്വേഷണം/ സത്വരാന്വേഷണം/രഹസ്യാന്വേഷണം എന്നിവ നടത്തി അഴിമതി നിരോധന നിയമത്തിലെ വകുപ്പുകൾക്ക് അനുയോജ്യമായ കുറ്റകൃത്യങ്ങൾ നടന്നുവെന്ന് കണ്ടെത്തിയാൽ മാത്രമേ നിലവിൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത് തുടരന്വേഷണം നടത്തിവരാറുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly